REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ജമൈക്കൻ പ്രധാനമന്ത്രി ഡോ.ആൻഡ്രൂ ഹോൾനെസ് നാല് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ഇന്ന് ഇന്ത്യയിലെത്തും.
- ജമ്മു കശ്മീരിൽ നാളെ നടക്കുന്ന മൂന്നാമത്തെയും അവസാനത്തെയും ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി. ഹരിയാനയിലും പ്രചാരണം ഊർജ്ജിതം.
- തിരുവനന്തപുരം S.A.T ആശുപത്രിയിൽ മൂന്ന് മണിക്കൂർ മുടങ്ങിയ വൈദ്യുതി പുനഃസ്ഥാപിച്ചു. അന്വേഷണം പ്രഖ്യാപിച്ച് മന്ത്രി വീണാ ജോർജ്.
- രാജ്യത്തെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം കണ്ണൂരിൽ നാളെ പ്രവർത്തനമാരംഭിക്കും.
- സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ മഴ ലഭിച്ചേക്കും. ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
- ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്-നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം സമനിലയിൽ.

## വാർത്തകൾ വിശദമായി

**ജമൈക്കൻ പ്രധാനമന്ത്രി ഡോ.ആൻഡ്രൂ ഹോൾനെസ് നാല് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി പ്രതിനിധിതല ചർച്ചകൾ നടത്തുന്ന അദ്ദേഹം, രാഷ്ട്രപതി ദ്രൗപതി മുർമുവുമായും ഉപരാഷ്ട്രപതി ജഗ്ധീപ്**

ധൻകറുമായും കൂടിക്കാഴ്ച നടത്തും. വ്യാപാര വ്യവസായ പ്രമുഖരുമായും അദ്ദേഹം ആശയവിനിമയം നടത്തും.

ഉഭയകക്ഷി സഹകരണത്തിന് ഉത്തേജനം നൽകുന്ന നിരവധി ധാരണാപത്രങ്ങളിൽ സന്ദർശനവേളയിൽ ഒപ്പുവെക്കും. ജമൈക്കൻ പ്രധാനമന്ത്രിയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.

✪✪✪

ജമ്മു കശ്മീരിൽ നാളെ നടക്കുന്ന മൂന്നാമത്തെയും അവസാനത്തെയും ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി. സമാധാനപരമായ വോട്ടെടുപ്പിന് വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

............(വോയ്സ്)..............

ഏഴ് ജില്ലകളിലെ 40 നിയമസഭാ മണ്ഡലങ്ങളിലാണ് നാളെ വിധിയെഴുത്ത്. ഇതിൽ 16 എണ്ണം കശ്മീർ ഡിവിഷനിലും, 24 എണ്ണം ജമ്മു മേഖലയിലുമാണ്. 39 ലക്ഷത്തിലധികം വോട്ടർമാരാണ് ഈ ഘട്ടത്തിൽ 415 സ്ഥാനാർത്ഥികളുടെ വിധി നിർണയിക്കുന്നത്.

മൂന്നാം ഘട്ട പ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു. രാവിലെ ഏഴിന് ആരംഭിക്കുന്ന പോളിംഗ് വൈകിട്ട് ആറിന് അവസാനിക്കും.

ഒറ്റഘട്ടമായി ശനിയാഴ്ച വോട്ടെടുപ്പ് നടക്കുന്ന ഹരിയാനയിൽ പ്രചാരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലേക്ക്. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ BJP നേതാക്കളും പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയടക്കം കോൺഗ്രസ് നേതാക്കളും ഹരിയാനയിൽ പ്രചാരണം കൂടുതൽ ഊർജ്ജിതമാക്കി. അരവിന്ദ് കെജരിവാളിന്റെ നേതൃത്വത്തിൽ ആം ആദ്മി പാർട്ടിയും പ്രചാരണരംഗത്ത് സജീവമാണ്. കർഷക പ്രശ്നങ്ങൾ ഉയർത്തിയാണ് എല്ലാവരും വോട്ട് തേടുന്നത്.

90 അംഗ നിയമസഭയിലേക്കാണ് ഹരിയാനയിൽ വോട്ടെടുപ്പ്. മൂന്ന് ഘട്ടങ്ങളിലായി നാളെ വോട്ടെടുപ്പ് പൂർത്തിയാകുന്ന ജമ്മുകശ്മീരിലെയും ഹരിയാനയിലെയും വോട്ടെണ്ണൽ അടുത്ത മാസം എട്ടിനാണ്.

✪✪✪

ജമ്മു കശ്മീരിലെ കത്വ ജില്ലയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യുന്നതിനിടെ അസുഖ ബാധിതനായ

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുമായി സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി ആരാഞ്ഞു.

സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാമത്തെയും അവസാനത്തെയും ഘട്ട പ്രചാരണത്തിന്റെ അവസാന ദിവസമായ ഇന്നലെ ഒരു വലിയ ജനക്കൂട്ടത്തെ അഭിസംബോധന ചെയ്യുന്നതിനിടെയാണ് ഖാർഗെ വേദിയിൽ തലകറങ്ങി വീണത്. തുടർന്ന് ഖാർഗെയെ വൈദ്യപരിശോധനയ്ക്ക് വിധേയനാക്കി.

✪✪✪

ബഹിരാകാശ നിലയത്തിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യൻ വംശജ സുനിത വില്യംസിനെയും സഹയാത്രികൻ ബുച്ച് വിൽമോറിനെയും തിരിച്ചെത്തിക്കാൻ ലക്ഷ്യമിട്ട് നാസയുടെ ബഹിരാകാശ പേടകം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ സുരക്ഷിതമായി ഡോക് ചെയ്തു. പുലർച്ചെയാണ് പേടകം നിലയത്തിൽ എത്തിയത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

.....(വോയ്സ്)..........

ഫ്ലോറിഡയിലെ കേപ് കാനവെറൽ സ്പേസ് സ്റ്റേഷനിൽനിന്ന് ഇന്നലെയാണ് ഫാൽക്കൺ 9 റോക്കറ്റിലേറി സ്പേസ് എക്സിന്റെ ഡ്രാഗൺ പേടകം രണ്ട് ബഹിരാകാശ യാത്രികരുമായി കുതിച്ചുയർന്നത്. ഇന്ത്യൻ സമയം ഇന്ന് പുലർച്ചെ മൂന്ന് മണിയോടെ പേടകം നിലയത്തിൽ സുരക്ഷിതമായി ഡോക് ചെയ്തു. ക്രൂ 9 അംഗങ്ങളായ നാസയുടെ നിക്ക് ഹേഗ്, റഷ്യയുടെ അലക്സാണ്ടർ ഗോർബുനോവ് എന്നീ ശാസ്ത്രജ്ഞരാണ് പേടകത്തിലുണ്ടായിരുന്നത്. ഇവർ പുലർച്ചെ അഞ്ച് മണിയോടെ പേടകത്തിൽ നിന്ന് നിലയത്തിൽ ഇറങ്ങിയതായി നാസ എക്സിൽ അറിയിച്ചു.

അഞ്ച് മാസം നീളുന്ന ദൗത്യത്തിന് ശേഷം അടുത്ത ഫെബ്രുവരിയിലാകും സുനിത വില്യംസണിനെയും ബുച്ച് വിൽമോറിനെയും കൂട്ടി ഡ്രാഗൺ പേടകം ഭൂമിയിലേക്ക് മടങ്ങുക.

ജൂൺ അഞ്ചിന് എട്ടുദിവസത്തെ പര്യടനത്തിനായി ബോയിങ് സ്റ്റാർലൈനർ പേടകത്തിൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ സുനിതയും വിൽമോറും പേടകത്തിന്റെ തകരാറിനെ തുടർന്ന്

അവിടെ കുടുങ്ങുകയായിരുന്നു. ഇവരില്ലാതെ സ്റ്റാർലൈനർ പേടകം ഈ മാസം ഏഴിന് ഭൂമിയിൽ തിരിച്ചിറക്കിയിരുന്നു.

✪✪✪

തിരുവനന്തപുരം S.A.T ആശുപത്രിയിലെ ഒരു ബ്ലോക്കിൽ വൈദ്യുതി മുടങ്ങിയ സാഹചര്യത്തിൽ മന്ത്രി വീണാ ജോർജ് ആശുപത്രി സന്ദർശിച്ച് സ്ഥിതി വിലയിരുത്തി. സമഗ്ര സാങ്കേതിക സമിതി അന്വേഷണം നടത്തുമെന്നും, ഏതെങ്കിലും തരത്തിൽ വീഴ്ചയുണ്ടെങ്കിൽ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സാങ്കേതിക പ്രശ്നമാണ് വൈദ്യുതി മുടങ്ങാൻ കാരണമായതെന്നും, മന്ത്രി K കൃഷ്ണൻകുട്ടിയുമായി ഇക്കാര്യം ചർച്ച ചെയ്യുമെന്നും വീണാ ജോർജ് അറിയിച്ചു.

ഇന്നലെ വൈകിട്ട് 7 മണിയോടെ S.A.T ആശുപത്രിയിൽ വൈദ്യുതി മുടങ്ങിയതിനെ തുടർന്ന് രോഗികളും ബന്ധുക്കളും പ്രതിഷേധിച്ചു. മൂന്ന് മണിക്കൂറിനു ശേഷം ജനറേറ്റർ എത്തിച്ചാണ് വൈദ്യുതി പുന:സ്ഥാപിച്ചത്. രണ്ടു ദിവസമായി ആശുപത്രിയിൽ വൈദ്യുതി പ്രശ്നമുണ്ടെന്നാണ് റിപ്പോർട്ട്. സപ്ലൈ തകരാർ കൊണ്ടല്ല വൈദ്യുതി മുടങ്ങിയതെന്ന് KSEB അധികൃതർ വിശദീകരിച്ചു.

✪✪✪

S.A.T ആശുപത്രിയിൽ മൂന്ന് മണിക്കൂറിലധികം വൈദ്യുതി മുടങ്ങിയിട്ടും ഗവൺമെന്റ് ലാഘവത്തോടെയാണ് പ്രതികരിച്ചതെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. സാധാരണക്കാരുടെ ജീവൻ ഗവൺമെന്റിന് പ്രശ്നമെയല്ലെന്നും അദ്ദേഹം ചോദിച്ചു.

അതീവ ഗുരുതരാവസ്ഥയിൽ പ്രവേശിപ്പിപ്പിച്ച ഗർഭിണികളും നവജാത ശിശുക്കളും ഉൾപ്പെടെയുള്ളവരെ വൈദ്യുതിയില്ലാത്ത സാഹചര്യത്തിൽ മറ്റ് ആശുപത്രികളിലേക്ക് മാറ്റുന്നത് ഉൾപ്പെടെ അടിയന്തര നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് തയാറാകാതിരുന്നത് അദ്ഭുതകരമാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. സംഭവത്തിൽ അടിയന്തിര അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വൈദ്യുതി മുടങ്ങിയതിനെ തുടർന്ന് പ്രതിഷേധിച്ച രോഗികളുടെ ബന്ധുക്കളേയും കൂട്ടിരിപ്പുകാരേയും പോലിസ് കയ്യേറ്റം ചെയ്തെന്ന് പരാതിയുണ്ട് . ഇക്കാര്യത്തിലും ഉചിതമായ അന്വേഷണം നടത്തി കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സതീശൻ പറഞ്ഞു.

✪✪✪

രാജ്യത്തെ ആദ്യ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം കണ്ണൂരിൽ നാളെ പ്രവർത്തനമാരംഭിക്കും. സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലെ കല്യാശ്ശേരിയിലെ കെൽട്രോൺ കോംപണന്റ്ലാണ് പ്ലാന്റ് ആരംഭിക്കുന്നത്. ലോകനിലവാരത്തിൽ സൂപ്പർ കപ്പാസിറ്ററുകൾ തദ്ദേശീയമായി നിർമ്മിച്ച് രാജ്യരക്ഷാ മേഖലയ്ക്കും, ഇലക്ട്രിക് വാഹനങ്ങൾക്കും ബഹിരാകാശ ദൗത്യങ്ങൾക്കുമുൾപ്പെടെ വിതരണം ചെയ്യാൻ ഇതിലൂടെ സാധിക്കും. ISRO യുടെ സാങ്കേതിക സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്

നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിക്കും.

✪✪✪

BJP സംസ്ഥാന നേതൃയോഗം രാവിലെ കൊച്ചിയിൽ ചേരും. പാർട്ടി സംസ്ഥാന അദ്ധ്യക്ഷൻ K സുരേന്ദ്രൻ, സംസ്ഥാന പ്രഭാരി പ്രകാശ് ജാവദേകർ, സഹ പ്രഭാരി അപരാജിത സാരംഗി, പുരന്ദരേശ്വരി M.P, കേന്ദ്ര സഹമന്ത്രിമാരായ സുരേഷ് ഗോപി, ജോർജ് കുര്യൻ, തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടിമിന്നലോടു കൂടിയ മഴയ്ക്കും, കാറ്റിനും സാധ്യതയുണ്ടെന്നും ജാഗ്രത വേണമെന്നും മുന്നറിയിപ്പുണ്ട്. ശ്രീലങ്കയ്ക്കു സമീപത്തെ ചക്രവാതച്ചുഴിയെ തുടർന്നാണ് മഴ കനക്കുന്നത്.

കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

ഇന്ന് കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 മണിക്കൂർ വരെ വേഗത്തിലും ചില സമയങ്ങളിൽ 55 കിലോമീറ്റർ വരെ വേഗത്തിലും കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

കേരളതീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രവും അറിയിച്ചു.

✪✪✪

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് നിന്നും നീരൊഴുക്ക് തുടരുന്നതിനാൽ ജലനിരപ്പ് ക്രമീകരിക്കുന്നതിനായി ഡാമിന്റെ മൂന്ന് ഷട്ടറുകൾ രാവിലെ എട്ടിന് അഞ്ച് സെന്റിമീറ്റർ വീതം ഉയർത്തുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഡാമിന്റെ അനുബന്ധ പുഴകളുടെ തീരത്ത് താമസിക്കുന്നവർക്ക് ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്-നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരം സമനിലയിൽ പിരിഞ്ഞു. ഗുവാഹത്തിയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ ഇരു ടീമുകളും ഓരോ ഗോൾ നേടി. ഇന്ന് മത്സരമില്ല.

അടുത്ത മത്സരത്തിൽ വ്യാഴാഴ്ച ഭൂവനേശ്വറിൽ കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷ F C യെ നേരിടും.

നാളെ ഹൈദരാബാദ് FC, ചെന്നൈയിൻ FC യുമായി ഏറ്റുമുട്ടും. ഹൈദരാബാദിൽ രാത്രി ഏഴരക്കാണ് മത്സരം.

✪✪✪

ബ്രൂണെയിൽ ജൂനിയർ ലോക വുഷു ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് രണ്ട് സ്വർണമടക്കം ഏഴു മെഡലുകൾ.ഒരു വെള്ളിയും നാല് വെങ്കലവും ഇന്ത്യ നേടി. ആൺകുട്ടികളുടെ 48 കിലോ ഭാരോദ്വഹന ജൂനിയർ വിഭാഗത്തിൽ ചൈനീസ് താരത്തെ തോൽപ്പിച്ച് ആര്യനും, കുട്ടികളുടെ വിഭാഗത്തിൽ ഇറാനിയൻ താരത്തെ പരാജയപ്പെടുത്തി ശൗര്യയുമാണ് സ്വർണം സ്വന്തമാക്കിയത്.

✪✪✪

14-ാം ഹോക്കി ഇന്ത്യ ജൂനിയർ വനിത ദേശീയ ചാമ്പ്യൻഷിപ്പിന് ഇന്ന് ജാർഖണ്ഡിലെ റാഞ്ചിയിൽ തുടക്കമാവും. 26 ടീമുകൾ പങ്കെടുക്കുന്ന മത്സരത്തിൽ ഓരോ പൂളിലെയും മുൻനിര ടീമുകൾ അടുത്ത മാസം ഏഴിന് നടക്കുന്ന ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടും. ഒമ്പതിനാണ് സെമിഫൈനൽ. 10-ന് ഫൈനൽ മത്സരം നടക്കും.

✪✪✪

വിദ്യാഭ്യാസ മേഖലയുടെ നിലവാരം കൂടുതൽ ഉയർത്താൻ കൂട്ടായ ശ്രമങ്ങൾ അനിവാര്യമാണെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. കോഴിക്കോട് കൊളത്തൂർ സ്വാമി ഗുരുവരാനന്ദ മെമ്മോറിയൽ ഗവ. HSS സുവർണ ജൂബിലി ആഘോഷത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഹയർ സെക്കന്ററി തലം വരെ മികവുറ്റ വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കാൻ സംസ്ഥാനത്തിന് സാധിക്കുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആ മികവ് കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

✪✪✪

സമ്പൂർണത അഭിയാൻ, വിവിധ പദ്ധതികളുടെ നേട്ടം കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയെന്ന് E.ചന്ദ്രശേഖരൻ MLA പറഞ്ഞു. കാസർഗോഡ് പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ അഭിലാഷ ബ്ലോക്ക് സമ്പൂർണത അഭിയാൻ പ്രഖ്യാപന സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

പുതിയ രാഷ്ട്രീയ പാർട്ടി രൂപീകരിക്കില്ലെന്ന് P.V.അൻവർ MLA വ്യക്തമാക്കി. നിലമ്പൂരിൽ രാഷ്ട്രീയ വിശദീകരണ യോഗത്തിൽ സംസാരിക്കവെ മുഖ്യമന്ത്രിക്കും ADGP MR അജിത് കുമാറിനുമെതിരെ രൂക്ഷ വിമർശനമുന്നയിച്ചു. എന്തിനും ഏതിനും മനുഷ്യനെ വർഗീയമായി കാണുന്ന കാലത്തിലേക്കു കേരളം നീങ്ങുകയാണെന്നും അൻവർ പറഞ്ഞു.

സ്വർണ്ണക്കടത്തുകാർക്കും പോലീസിലെ സ്വർണ്ണം പൊട്ടിക്കൽ സംഘത്തിനും കസ്റ്റംസ് കൂട്ട് നിൽക്കുകയാണെന്നും അൻവർ കുറ്റപ്പെടുത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിമാസ റേഡിയോ പരിപാടിയായ മൻകീ ബാതിലൂടെ ഇന്നലെ പ്രശംസിച്ച ഒളവണ്ണ തൊണ്ടിലക്കടവിൽ മലയത്തൊടി വീട്ടിൽ സുബ്രഹ്മണ്യനെ BJP കോഴിക്കോട് ജില്ലാപ്രസിഡന്റ് V.K.സജീവന്റെ നേതൃത്വത്തിൽ അഭിനന്ദിച്ചു. 23,000 ഉപയോഗശൂന്യമായ കസേരകൾ മെടഞ്ഞ് ഉപയോഗപ്രദമാക്കിയ 74 കാരനായ സുബ്രഹ്മണ്യന്റെ പരിശ്രമത്തെ പ്രധാനമന്ത്രി 'വിസ്മയകരമായ പ്രയത്നം' എന്നാണ് മൻ കി ബാതിൽ പ്രശംസിച്ചത്.

പ്രയത്നത്തിന്റെ പ്രതീകമായി ട്രിപ്പിൾ ആർ ചാമ്പ്യൻ എന്ന പ്രധാനമന്ത്രിയുടെ പദപ്രയോഗത്തിലൂടെ വലിയ ആദരവും, ബഹുമതിയുമാണ് സുബ്രഹ്മണ്യന് ലഭിച്ചിരിക്കുന്നതെന്ന് സജീവൻ പറഞ്ഞു.

✪✪✪

കോട്ടയം വൈക്കത്ത് കാണാതായ വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥനെ മൂവാറ്റുപുഴയാറിൽ മരിച്ചനിലയിൽ കണ്ടെത്തി. AEO യുടെ ചുമതല വഹിക്കുന്ന വിദ്യാഭ്യാസ വകുപ്പ് സീനിയർ സൂപ്രണ്ട് ശ്യാം കുമാറിനെയാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ജോലിസമ്മർദത്തെത്തുടർന്നാണ് ശ്യാം കുമാർ ആത്മഹത്യ ചെയ്തത് എന്ന് ബന്ധുക്കൾ ആരോപിച്ചു.

ശനിയാഴ്ച പുലർച്ചെ അഞ്ച് മണിയോടെയാണ് ശ്യാം കുമാറിനെ കാണാതായത്.

✪✪✪

സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ ശുചിത്വ മിഷനും ഫാറൂഖ് ട്രെയ്നിംഗ് കോളേജും മലബാർ ക്രിസ്ത്യൻ കോളേജും സംയുക്തമായി പാളയം ബസ്റ്റാന്റ്, മാർക്കറ്റ്, മിഠായിതെരുവ് എന്നിവിടങ്ങളിൽ ശുചിത്വ ബോധവൽക്കരണ റാലി നടത്തി. പതിവ് ക്യാമ്പയിനിംഗുകളിൽ നിന്നും വ്യത്യസ്തമായി. പ്ലാസ്റ്റിക് ഭൂതം, ഇ-വേസ്റ്റ് ഭൂതം എന്നിങ്ങനെ വ്യത്യസ്തമായ മാലിന്യ രൂപങ്ങളിൽ വേഷമണിഞ്ഞ NSS വളണ്ടിയർമാർ മാർക്കറ്റിലും ബസ് സ്റ്റാൻന്റിലും മിഠായി തെരുവിലും സന്ദേശങ്ങളെത്തിച്ചു.

കോഴിക്കോട് പാളയം മാർക്കറ്റിൽ ആരംഭിച്ച റാലിയുടെ ഉദ്ഘാടനം കോർപ്പറേഷൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എസ് ജയശ്രീ നിർവഹിച്ചു.

✪✪✪